Break the Chain

കൈവിടാതിരിക്കാം... കൈ കഴുകൂ...

## ബ്രേക്ക് ദ ചെയിൻ സന്ദേശം
## 44 ലക്ഷം കുടുംബങ്ങളിലേക്ക്

ആരോഗ്യവകുപ്പ് തുടക്കം കുറിച്ച ബ്രേക്ക് ദ ചെയിൻ ക്യാമ്പെയ്ൻ കുടുംബശ്രീ വഴി കേരളത്തിലെ 44 ലക്ഷം കുടുംബങ്ങളിലേക്കും എത്തിക്കുന്നു. കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി 2,99,297 അയൽക്കൂട്ടങ്ങളാണുള്ളത്. ഈ ശനിയും ഞായറും പത്ത് മുതൽ 20 വരെ പേരുൾപ്പെടുന്ന അയൽക്കൂട്ടയോഗം കൂടുമ്പോൾ ബ്രേക്ക് ദ ചെയിൻ ക്യാമ്പെയ്ന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കാനുള്ള നിർദ്ദേശവും കൂടാതെ കൊറോണ വൈറസ് ബാധയേൽക്കാതിരിക്കാൻ എല്ലാ കുടുംബങ്ങളും കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് വ്യക്തമായ ബോധവത്ക്കരണം നടത്തുന്നതിനുള്ള സന്ദേശം അടങ്ങിയ കുറിപ്പും ഞങ്ങൾ നൽകിയിട്ടുണ്ട്. അയൽക്കൂട്ട യോഗങ്ങളിൽ ഈ കുറിപ്പ് ചർച്ച ചെയ്യുന്നത് വഴി കൂടുതൽ ജാഗ്രതയോട് കൂടി ഈ മഹാമാരിയെ പ്രതിരോധിക്കുന്നതിന് നേതൃത്വം കൊടുക്കാനും സമൂഹത്തിന്റെ ആശങ്കയകറ്റാനും കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്.

ഈ ആഴ്ചാവസാനം അയൽക്കൂട്ട യോഗങ്ങൾ ചേരുമ്പോൾ കൈകൾ കഴുകിയശേഷം മാത്രമേ യോഗം ആരംഭിക്കാവൂ എന്ന നിർദ്ദേശവും നൽകിയിരിക്കുന്നു. സോപ്പ് അല്ലെങ്കിൽ സാനിട്ടൈസർ ഉപയോഗിച്ച്

കൈകൾ വൃത്തിയായി കഴുകുന്നതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധം അയൽക്കൂട്ട അംഗങ്ങൾ വഴി അതാത് കുടുംബങ്ങളിലേക്ക് ഇത് മൂലം എത്തുന്നു. ആരോഗ്യവകുപ്പിന്റെ നിർദ്ദേശ പ്രകാരം കൊറോണയെക്കുറിച്ചുള്ള ബോധവത്ക്കരണം അടങ്ങിയ ലഘുലേഖ അയൽക്കൂട്ടങ്ങളിലേക്ക് നൽകുകയും ഇത് ചർച്ച ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കൊറോണ വൈറസ് ബാധ ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നത് പ്രായമായവർക്കും മറ്റ് അസുഖബാധിതകർക്കുമാണ്. ക്വാറന്റൈൻ ചെയ്യപ്പെട്ട കുടുംബങ്ങളിലെ ഈ വിഭാഗത്തിൽപ്പെട്ടവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വീടുകളിൽ ക്വാറന്റൈൻ ചെയ്യപ്പെട്ടവർക്ക് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നേതൃത്വത്തിൽ പിന്തുണ നൽകുന്നതിനെക്കുറിച്ചും തനിക്കും കുടുംബത്തിലും സമൂഹത്തിലെ മറ്റുള്ളവർക്കും ഈ വൈറസ് ബാധയേൽക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലകുൾ സ്വീകരിക്കണമെന്നതിനെക്കുറിച്ചും സാമൂഹ്യ പൊതുജനാരോഗ്യം മുൻനിർത്തിക്കൊണ്ട് ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ അനുസരിച്ച് കൊണ്ട് എന്തൊക്കെ നടപടികൾ കൈക്കൊള്ളാമെന്നുമൊക്കെയുള്ള നിർദ്ദേശങ്ങളാണ് അയൽക്കൂട്ടങ്ങൾക്കായുള്ള കുറിപ്പുകളിലുള്ളത്. ഈ നിർദ്ദേശങ്ങൾ കേരളത്തിലെ 44 ലക്ഷം കുടുംബങ്ങളിലേക്കും എത്തുമ്പോൾ കൊറോണ വൈറസ് ബാധയെക്കുറിച്ച് സമൂഹത്തിന് മികച്ച ബോധവത്ക്കരണം നൽകാനാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ബ്രേക്ക് ദ ചെയിൻ ക്യാമ്പെയ്നിൽ കുടുംബശ്രീയുടേതായ പങ്കാളിത്തവും ബോധവത്ക്കരണവും എല്ലാ അയൽക്കൂട്ടാംഗങ്ങളും സ്വന്തം ഉത്തരവാദിത്തമെന്ന നിലയിൽ ഏറ്റെടുക്കുമെന്നും ഏവരും അതീവ ജാഗ്രതയോട് കൂടി ഈ അവസ്ഥയെ നേരിടുമെന്നും പ്രതീക്ഷിക്കട്ടെ.